"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.103/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/06/2020

പരാമർശം:- 1 29.01.2018-ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(കൈ) നം.17/2018/തസ്വഭവ

3 24.09.2019-ലെ സ.ഉ.(അച്ചടി) നം.26/2019/പ്ലാനിംഗ്

4 പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2020-21 വർഷത്തേയ്ക്കുള്ള റിപ്പോർട്ട്

5 29.06.2020-ലെ സ.ഉ.(അച്ചടി) നം.87/2020/ധന

**<u>ഉത്തരവ്</u>**

2020-21 സാമ്പത്തിക വർഷം, സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ 25 ശതമാനം തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട് വിഹിതമായി നീക്കിവച്ചിരുന്നത്.. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയാണ് വികസനഫണ്ട് വിഹിതം കണക്കാക്കിയിട്ടുള്ളത്. 2020-21 വർഷത്തേയ്ക്കുള്ള ബജറ്റ് രേഖകൾ തയ്യാറാക്കുന്ന സമയത്ത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. അതുകൊണ്ട്, കേന്ദ്ര ധനകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ താൽക്കാലികമായി 1964.15 കോടി രൂപ വകയിരുത്തുകയും അത് ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി വിഭജിച്ച് ബജറ്റിന്റെ അനുബന്ധം IVൽ വകയിരുത്തുകയുമാണ് ചെയ്തത്. കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയെ സംബന്ധിക്കുന്ന കണക്കുകൾ പരാമർശം 4 പ്രകാരം ലഭ്യമായതിനെതുടർന്ന് യഥാർത്ഥ വിഹിതത്തെ അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ടിലെ സാധാരണ വിഹിതവും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും പുനഃക്രമീകരിച്ചു കൊണ്ട് പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഗ്രാമ പ്രദേശങ്ങളിൽ, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് അനുവദിച്ചിരുന്നത്. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങൾക്കുള്ള മൊത്തം വിഹിതമായ 1628 കോടി രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 75%, 12.5%, 12.5% എന്ന അനുപാതത്തിൽ വിഭജിച്ചാണ് പരാമർശം 5 പ്രകാരം അനുവദിച്ചിട്ടുള്ളത്.

3. നഗരമേഖലയ്ക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായ 784 കോടി

രൂപയിൽ 339 കോടി രൂപ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള 7 നഗരസഞ്ചയങ്ങൾക്കും (Urban Agglomerations) ബാക്കി 445 കോടി രൂപ പത്ത് ലക്ഷത്തിൽ കുറവ് ജനസംഖ്യയുള്ള നഗരങ്ങൾക്കുമാണ്. അതു പ്രകാരം 339 കോടി രൂപ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ നഗര സഞ്ചയങ്ങൾക്കും 445 കോടി രൂപ ആറ് കോർപ്പറേഷനുകളും മലപ്പുറം മുനിസിപ്പാലിറ്റിയും ഒഴികെയുള്ള മറ്റ് 86 നഗരസഭകൾക്കുമായി പരാമർശം 5 പ്രകാരം അനുവദിച്ചിട്ടുണ്ട്.

4. പരാമർശം 5 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

**5. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ**

5.1 50 ശതമാനം അടിസ്ഥാന വിഹിതം (Basic Grant), ബാക്കി 50 ശതമാനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant / Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

5.2 അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽഓവർ ബാധ്യത വഹിക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

5.3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF status) നിലനിർത്തുന്നതിനും ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജല സംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രം വിനിയോഗിക്കാവുന്നതാണ്.

5.4 കഴിവതും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം ഖണ്ഡിക 5.3-ൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

5.5 മേൽത്തട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ പ്രോജക്ടുകൾ സംയുക്തമായി ഏറ്റെടുക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

5.6 ശുചിത്വ-മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെങ്കിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് പൊതു പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

5.7 ഖണ്ഡിക 8-ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.

**6. പത്ത് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ നഗരസഭകൾ ഒഴികെയുള്ള മറ്റ്**

86 മുനിസിപ്പാലിറ്റികൾ)

6.1 50 ശതമാനം അടിസ്ഥാന വിഹിതം (Basic Grant), ബാക്കി 50 ശതമാനം പ്രത്യേക ഉദ്ദേശ്യ വിഹിതം (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ് മലപ്പുറം ഒഴികെയുള്ള 86 മുനിസിപ്പാലിറ്റികൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

6.2 അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽഓവർ ബാധ്യത വഹിക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

6.3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജല സംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) (b) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും ODF+, ODF++, ODF-SS തുടങ്ങിയ പദവികൾ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രം വിനിയോഗിക്കാവുന്നതാണ്.

6.4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം ഖണ്ഡിക 6.3-ൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

6.5 ഖണ്ഡിക 8-ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.

**7. പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾ (Million Plus Agglomerations / Cities)- തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ നഗരസഞ്ചയങ്ങൾ**

7.1 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ 7 നഗര സഞ്ചയങ്ങൾ (Urban Agglomerations) ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒരു പ്രധാന നഗരവും (കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി) അതിനോട് ചേർന്ന് തുടർച്ചയായി (contiguous) കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകൾ, സ്റ്റാറ്റ്യൂട്ടറി ടൗണുകൾ അഥവാ മുനിസിപ്പാലിറ്റികൾ, ഔട്ട് ഗ്രോത്തുകൾ എന്നിവയും ചേരുന്ന മൊത്തം പ്രദേശത്തെയാണ് സെൻസസ് പ്രകാരം ഒരു നഗരസഞ്ചയമായി നിർവ്വചിച്ചിട്ടുള്ളത്.

7.2 നഗര സഞ്ചയ പ്രദേശത്തേക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. നഗര സഞ്ചയങ്ങൾക്കുള്ള ധനകാര്യ കമ്മീഷൻ വിഹിതം ഓരോ നഗര സഞ്ചയത്തിലേയും മുഖ്യ നഗരസഭകളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കുമാണ് പരാമർശം 5 പ്രകാരം വകയിരു ത്തിയിട്ടുള്ളത്.

7.3 നഗര സഞ്ചയത്തിലെ മുഖ്യ നഗരസഭയ്ക്കാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും അതിൽ നിന്നും ചുവടെ പട്ടികയിലെ അവസാന കോളത്തിൽ കാണിച്ചിട്ടുള്ളതിൽ കുറയാതെയുള്ള തുക മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിനു പുറത്തുള്ള നഗര സഞ്ചയ പ്രദേശങ്ങളിൽ ഖണ്ഡിക 7.5-ലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. ബാക്കി തുക മുഖ്യ നഗരസഭാ പ്രദേശത്തിനുള്ളിൽ ഖണ്ഡിക 7.5-ലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

**നഗര സഞ്ചയത്തിനുള്ള കേന്ദ്ര ധനകമ്മീഷൻ ഗ്രാന്റിന്റേയും അതിൽ നിന്നും മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശങ്ങളിൽ വിനിയോഗിക്കേണ്ട കുറഞ്ഞ തുകയുടെയും വിശദാംശങ്ങൾ**

| ക്രമ നം | നഗരസഞ്ചയം (Urban Agglomeration) | മുഖ്യ നഗരസഭ | നഗര സഞ്ചയ പ്രദേശത്തെ മൊത്തം ജനസംഖ്യ (ലക്ഷം) | നഗരസഞ്ചയ പ്രദേശ-ത്തേയ്ക്കുള്ള മൊത്തം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ലക്ഷം രൂപ) | മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിൽ വിനിയോഗി-ക്കേണ്ട കുറഞ്ഞ തുക (ലക്ഷം രൂപ) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ | 16.8 | 4700 | 1410.00 |
| 2 | കൊല്ലം | കൊല്ലം കോർപ്പറേഷൻ | 11.1 | 3100 | 930.00 |
| 3 | കൊച്ചി | കൊച്ചി കോർപ്പറേഷൻ | 21.2 | 5900 | 2314.13 |
| 4 | തൃശ്ശൂർ | തൃശ്ശൂർ കോർപ്പറേഷൻ | 18.6 | 5200 | 2947.36 |
| 5 | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ | 20.3 | 5700 | 1951.71 |
| 6 | കണ്ണൂർ | കണ്ണൂർ കോർപ്പറേഷൻ | 16.4 | 4600 | 3831.28 |
| 7 | മലപ്പുറം | മലപ്പുറം മുനിസിപ്പാലിറ്റി | 17.0 | 4700 | 4337.46 |

7.4 ഏഴ് നഗര സഞ്ചയങ്ങൾക്കുമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അടിസ്ഥാന വിഹിതം ഇല്ലാത്തതുകൊണ്ടും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ഒരു വിഹിതം മുഖ്യ നഗരസഭയ്ക്ക് പുറത്തുള്ള നഗരസഞ്ചയ പ്രദേശത്ത് വിനിയോഗിക്കേണ്ടതുള്ളതുകൊണ്ടും പരാമർശം 5 പ്രകാരം ബജറ്റ് വിഹിതം പുനഃക്രമീകരിച്ചപ്പോൾ ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കുമുള്ള സാധാരണ വിഹിതത്തിൽ (Normal Share) അധിക തുക

അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് പ്രത്യേക വിഹിതവും, അടിസ്ഥാന വിഹിതത്തിന്റെ നിലവിലുള്ള ബജറ്റ് ശീർഷകത്തിൽ, അനുവദിച്ചിട്ടുണ്ട്.

7.5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ വിനിയോഗം:- കുടിവെള്ള പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പ്, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water), ശുചിത്വം, കാര്യക്ഷമമായ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും ODF+, ODF++, ODF-SS തുടങ്ങിയ പദവികൾ കൈവരിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങൾ എന്നീ നിർണ്ണായക സേവനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

7.6 ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും, മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിൽ തുക വിനിയോഗിക്കുന്നതിന് താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

i. മുഖ്യ നഗരസഭയുടെ ഭരണസമിതി യോഗം ചേർന്ന് നഗരസഭയുടെ ഭൂപ്രദേശത്തിനുള്ളിൽ വിനിയോഗിക്കേണ്ട തുക എത്രയെന്ന് ഖണ്ഡിക 7.3-ലെ നിബന്ധനയ്ക്ക് വിധേയമായി തീരുമാനിക്കേണ്ടതാണ്. ബാക്കി തുക മുഖ്യ നഗരസഭയ്ക്ക് പുറത്ത് വിനിയോഗിക്കണം.

ii. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന്റെ ഏകോപനം ഉറപ്പാക്കുന്നതിനും ആസൂത്രണത്തിനുമായി നഗരസഞ്ചയ പ്രദേശത്തിനുള്ളിലെ ബന്ധപ്പെട്ട നഗരസഭകളുടെ/ഗ്രാമപഞ്ചായത്തുകളുടെ അധ്യക്ഷൻമാരെയും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരെയും ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (Joint Planning Committee for Urban Agglomeration Area) മുഖ്യ നഗരസഭയുടെ മേയറുടെ/ചെയർപേഴ്സന്റെ അധ്യക്ഷതയിൽ, ജില്ലാ ആസൂത്രണസമിതി രൂപീകരിക്കേണ്ടതാണ്. മുഖ്യ നഗരസഭയുടെ സെക്രട്ടറി ആയിരിക്കും ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ കൺവീനർ. യോഗത്തിലേയ്ക്ക് ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കാവുന്നതാണ്.

iii. ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി യോഗം ചേർന്ന് തുകയുടെ വിനിയോഗം സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടതാണ്. ഖണ്ഡിക 7.5 പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും പൊതുവായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംയോജിതമായി ആവിഷ്കരിക്കുന്നതിന് മുൻഗണന നൽകണം. 2017-ൽ തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. സ്ഥിതി വിവരക്കണക്കുകളുടെയും ജില്ലാ പദ്ധതിയുടേയും അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതി നൽകേണ്ടതാണ്.

iv. ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ധാരണയാകുന്നത് പ്രകാരമുള്ള ഓരോ പ്രോജക്ടിന്റെയും നിർവഹണം ബന്ധപ്പെട്ട പ്രോജക്ട് പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനം മുഖേന നടത്തേണ്ടതാണ്. പ്രോജക്ട് പ്രദേശം പൂർണ്ണമായും ഒരു ഗ്രാമ പഞ്ചായത്ത്/

നഗരസഭാ പ്രദേശത്തിനുള്ളിലാണെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/ നഗരസഭയും ഒന്നിലേറെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതാണെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തും ഒന്നിലേറെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതാണെങ്കിൽ ജില്ലാ പഞ്ചായത്തും നിർവഹണം നടത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും സംയുക്ത ഭൂപ്രദേശത്തിനുള്ളിലാണെങ്കിൽ ജില്ലാ പഞ്ചായത്തിനോ ഒരു നഗരസഭയ്ക്കോ നിർവഹണം നടത്താവുന്നതാണ്. ഇത്തരം പ്രോജക്ടുകൾ വിപുലപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ നിർവഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെയും പ്രോജക്ട് പ്രദേശത്തെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിഹിതം കൂട്ടിച്ചേർക്കാവുന്നതാണ്.

v. നിർവഹണം സംയുക്ത പ്രോജക്ട് മാതൃകയിൽ നടത്തേണ്ടതാണ്. മുഖ്യ നഗരസഭ വിഹിതം കൈമാറുന്നതിനുള്ള പ്രോജക്ടും നിർവഹണ തദ്ദേശഭരണ സ്ഥാപനം പ്രവൃത്തിയുടെ നിർവഹണം നടത്തുന്നതിനുള്ള വിശദമായ പ്രോജക്ടും സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കണം.

vi. നിർവഹണം നടത്തുന്ന കരാറുകാരന്/ഏജൻസിക്ക് മുഖ്യനഗരസഭയിൽ നിന്നും പെയ്മെന്റ് നൽകുന്നതിന്, സംയുക്ത പ്രോജക്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

7.7 മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിനുള്ളിൽ വിനിയോഗിക്കുന്നതിന് ഖണ്ഡിക 7.3 പ്രകാരം തീരുമാനിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച തീരുമാനങ്ങൾ മുഖ്യ നഗരസഭയ്ക്ക് തന്നെ എടുക്കാവുന്നതാണ്. എന്നിരുന്നാലും വിശദാംശങ്ങൾ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ യോഗത്തിൽ അവതരിപ്പിക്കേണ്ടതും ഏകോപനം ഉറപ്പാക്കേണ്ടതുമാണ്.

7.8 ജലം, ശുചിത്വം എന്നീ മേഖലകളിൽ നഗരസഞ്ചയ ഭൂപ്രദേശത്ത് 2020-25 കാലയളവിൽ ഓരോ വർഷവും കൈവരിക്കേണ്ട പ്രവർത്തന മികവ് സംബന്ധിച്ച ലക്ഷ്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് നിശ്ചയിക്കണമെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രവർത്തന മികവ് വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും വരും വർഷങ്ങളിൽ ഗ്രാന്റ് അനുവദിക്കുക. ആദ്യവർഷം (2020-21 ൽ) പ്രവർത്തന മികവ് സംബന്ധിച്ച നിബന്ധനകൾ ഇല്ലാതെ തന്നെ ഗ്രാന്റ് അനുവദിക്കുമെങ്കിലും ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ അനുബന്ധം 5.6 ൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാർ റേറ്റിംഗും നിശ്ചയിക്കപ്പെടുന്ന സർവിസ് ലവൽ ബഞ്ച്മാർക്കും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2020-21-ൽ തന്നെ ആരംഭിക്കേണ്ടതും അതിന് ആവശ്യമായ പ്രോജക്ടുകൾ നഗരസഞ്ചയ പ്രദേശത്ത് മുകളിൽ സൂചിപ്പിച്ച മേഖലകളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുമാണ്.

7.9 ഖണ്ഡിക 8-ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.

## 8. പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

8.1 അടൽ മിഷൻ ഫോർ റിജ്യുവനേഷൻ ആന്റ് അർബർ ട്രാൻസ്ഫർമേഷൻ (AMRUT) പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തദ്ദേശഭരണ സ്ഥാപന വിഹിതം വകയിരുത്തുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല.

8.2 ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ

ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതാകും അഭികാമ്യം. ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണസമിതി നൽകുകയും കൂടിയോലോചനകൾ ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തേണ്ടതുമാണ്.

8.3 ശുചിത്വ-മാലിന്യ സംസ്കരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള നോഡൽ ഏജൻസി ശുചിത്വ മിഷൻ ആയിരിക്കും. നഗര സഞ്ചയ ഭൂപ്രദേശത്തും മുനിസിപ്പാലിറ്റികളിലും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവി കൈവരിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും അവ ഏകോപിപ്പിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതാണ്.

8.4 ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ അനുബന്ധം 5.6-ൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാർ റേറ്റിംഗ് പദവിയും നിശ്ചയിക്കപ്പെടുന്ന സർവീസ് ലവൽ ബഞ്ച് മാർക്കും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏഴ് നഗര സഞ്ചയ പ്രദേശത്തും മറ്റ് 86 മുനിസിപ്പാലിറ്റികളിലും നടപ്പാക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജലം, ശുചിത്വം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി നഗര സഞ്ചയ പ്രദേശത്തിനുള്ളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മറ്റ് 86 മുനിസിപ്പാലിറ്റികൾക്കും ലഭിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പാക്കണം. ഇതിന് ആവശ്യമായ സാങ്കേതിക ഉപദേശം ശുചിത്വ മിഷൻ ജില്ലാ ആസൂത്രണ സമിതിയ്ക്ക് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണ സമിതിക്ക് പരാമർശം 3 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ റിസോഴ്സ് സെന്ററിന്റെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

8.5 ഓരോ തദ്ദേശഭരണ സ്ഥാപനവും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി (CFC Sub Plan) തയ്യാറാക്കേണ്ടതാണ്. ഉപപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ആദ്യ ഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന 'ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും' രണ്ടാം ഭാഗം "വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും" ആയിരിക്കണം. നടപ്പുവർഷം പദ്ധതിരേഖ ഇതിനോടകം തയ്യാറാക്കി കഴിഞ്ഞതിനാൽ 'ഉപപദ്ധതി രേഖ' പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിരേഖയുടെ അനുബന്ധമായി കൂട്ടിച്ചേർക്കേണ്ടതാണ്. ഉപപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനൊപ്പം മറ്റ് വിഭവങ്ങളും അവയുടെ മാർഗ്ഗനിർദ്ദശങ്ങൾക്ക് വിധേയമായി കൂട്ടിച്ചേർക്കാവുന്നതാണ്.

8.6 ODF+, ODF++, ODF-SS തുടങ്ങിയ പദവികൾ കൈവരിക്കുന്നതിന് ഗ്രാമ പ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾക്ക് സ്വച്ച് ഭാരത് മിഷൻ - ഗ്രാമീൺ, സ്വച്ച് ഭാരത് മിഷൻ - അർബൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗരേഖകൾ അവലംബിക്കേണ്ടതാണ്.

8.7 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി തയ്യാറാക്കുന്നതിനും അത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള സമയക്രമം നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശുചിത്വ മിഷന്റെ എല്ലാ ജില്ലാ കോർഡിനേറ്റർമാരും
11. ഡയറക്ടർ, ശുചിത്വ മിഷൻ
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
17. ശുചിത്വ മിഷന്റെ എല്ലാ ജില്ലാ കോർഡിനേറ്റർമാരും
18. എല്ലാ നഗര കാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്